# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3613 — 12.12.2014 ൽ മറുപടിയ്ക്ക്

**ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഡോ.ജയരാജന്റെ റിപ്പോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഡോ.ജയരാജൻ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അദ്ദേഹത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ കേരള സമൂഹത്തിൽ നിർണ്ണായക രീതിയിൽ പിന്നോക്കാവസ്ഥയും വിവേചനവും നേരിടുന്നവരാണ്. പ്രത്യേകിച്ചും പ്രതിരോധം, നേരത്തെ കണ്ടെത്തൽ, നേരത്തെയുള്ള ഇടപെടൽ, വിദ്യാഭ്യാസം, മാനവവിഭവശേഷി വികസനം, തൊഴിൽ പരിശീലനം, തൊഴിൽ, സാമൂഹ്യ സുരക്ഷ എന്നീ മേഖലകളിൽ വിവേചനം നേരിടുന്നതു കൊണ്ടു തന്നെ, സാമൂഹ്യമായി ഒറ്റപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി എം.കെ.ജയരാജ് കമ്മീഷൻ റിപ്പോർട്ടിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട 168 ശുപാർശകൾ റിപ്പോർട്ടിനൊപ്പം സമർപ്പിച്ചിട്ടുണ്ട് (അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| (സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പഠനം, പുനരധിവാസം എന്നീ കാര്യങ്ങളിൽ സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ? | (സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിയുടെ കരട് സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് & ട്രെയിനിംഗ് പുറത്തിറക്കി. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി കേരളത്തിൽ പ്രവർത്തിക്കുന്ന 350 സ്പെഷ്യൽ സ്കൂളുകളിൽ 100 കുട്ടികൾ വരെ പഠിക്കുന്ന എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കും |

| | |
|---|---|
| | എയ്ഡഡ് പദവി നൽകുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊണ്ടു വരുന്നു. "സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്" എന്ന സ്ഥാപനത്തെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. രക്ഷിതാക്കളുടെ കാലശേഷം അനാഥരാവുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ ആജീവനാന്തം സംരക്ഷിക്കാൻ പുനരധിവാസ ഗ്രാമങ്ങൾ തുടങ്ങുവാൻ നടപടി കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ